ടി കെ (2) 45026/19

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടറുടെ കാര്യാലയം

തിരുവനന്തപുരം, തീയതി : 01/10/2020

**സർക്കുലർ**

വിഷയം : - കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി - അനുവദിക്കാവുന്ന ആനുകൂല്യങ്ങളും - ആവശ്യമായ രേഖകളും - സംബന്ധിച്ച്

സൂചന :-
1) സ.ഉ. (എം. എസ്.) നമ്പർ 183/2015 കൃഷി തീയതി 29/09/2015
2) സ.ഉ. (എം. എസ്.) നമ്പർ 87/2014 കൃഷി തീയതി 16/04/2014
3) സർക്കുലർ നമ്പർ ടി കെ (2) 31727/18 തീയതി 02/11/2018
4) സർക്കുലർ നമ്പർ ടി കെ (2) 6817/14 തീയതി 08/04/2019

കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കായുള്ള പ്രത്യേക തൊഴിൽദാന പദ്ധതിയിൽ നിലവിലുള്ള ഉത്തരവുകൾ പ്രകാരം വിവിധ ആനുകൂല്യങ്ങൾ പ്രായോഗികമായ മാറ്റത്തോടെ നൽകിവരുന്നു . അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ സംബന്ധിച്ചും അയക്കേണ്ട രേഖകൾ സംബന്ധിച്ചും വിവിധ സംശയങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർ , കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ, കൃഷി ഓഫീസർമാർ എന്നിവരുടെ ശ്രദ്ധക്കായി താഴെപ്പറയുന്ന നിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

<u>എ. നിലവിൽ അനുവദിക്കാവുന്ന ആനുകൂല്യങ്ങൾ</u>

1) സ്വമേധയാ / മറ്റ് തൊഴിലിൽ ഏർപ്പെട്ടതിനാൽ പദ്ധതിയിൽ നിന്നും പിരിഞ്ഞുപോകുന്നവർക്ക് ഒറ്റത്തവണ ആനുകൂല്യം 7500/- രൂപ

2) പദ്ധതി അംഗമായിരിക്കെ 60 വയസിനുമുമ്പ് മരണപ്പെട്ടാൽ - നോമിനിക്ക് 25000/- രൂപ മരണാനന്തര ആനുകൂല്യം.

3) പദ്ധതി അംഗമായി തുടരുന്ന 60 വയസ് തികഞ്ഞ അംഗങ്ങൾക്ക് - ഗ്രാറ്റുവിറ്റി - 30000/- രൂപ, പ്രതിമാസ പെൻഷൻ - 1000/- രൂപ

4) പദ്ധതി അംഗമായിരിക്കെ ശാരീരികവും മാനസികവുമായ പൂർണ്ണമായ അവശതകൾ കാരണം, ഈ മേഖലയിൽ തുടരാൻ കഴിയാത്തവർക്ക് 25000/- രൂപ ഒറ്റത്തവണ ആനുകൂല്യം.

**കൃഷി ഭവനുകളിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ താഴെ പറയുന്നവയാണ്**

വിവിധ ആനുകൂല്യങ്ങൾക്ക് അയക്കുന്ന അപേക്ഷകളും മറ്റ് രേഖകളും കൃഷി ഭവനിൽ സൂക്ഷിച്ചിട്ടുള്ളവയായതിനാൽ, അപേക്ഷകൾ അയക്കുന്നതിന് മുൻപ് ലഭ്യമായ എല്ലാ രേഖകളും കൃഷി ഓഫീസർ പരിശോധിച്ച്, അപാകതകൾ കണ്ടെത്തിയാൽ പരിഹാരം കാണേണ്ടതാണ്.

01/07/1994-ൽ 20 നും 35 വയസിനും ഇടയിൽ പ്രായമുള്ള ജനറൽ വിഭാഗത്തിൽ പെടുന്നവരെയും 20 നും 40 നും ഇടയിൽ പ്രായമുള്ള എസ്. സി. / എസ്. ടി. വിഭാഗത്തിൽ പെടുന്നവരെയും ആണ് പദ്ധതിയിൽ അംഗങ്ങളായി ചേർത്തിട്ടുള്ളത്. ഇതിൽ കൂടുതൽ പ്രായമുള്ളവരെ ചേർത്തിട്ടുണ്ടെങ്കിൽ അത് ശരിയായ നടപടിയായി കരുതാനാവില്ല. ആയതിൽ എസ്. സി. / എസ്. ടി. വിഭാഗത്തിൽ പെടുന്നവർക്ക് 2014 മുതൽ പെൻഷന് അർഹരായവർ ഉണ്ട്. ജനറൽ വിഭാഗത്തിൽ പെടുന്നവർക്ക് 01/08/2019 മുതലാണ് പെൻഷന് അർഹതയുള്ളത്. ആയതിനാൽ ജനറൽ വിഭാഗത്തിൻറെ പെൻഷൻ ആനുകൂല്യങ്ങൾ 01/08/2019 മുതൽ മാത്രം ശുപാർശ ചെയ്യേണ്ടതാണ്. 35 വയസിൽ കൂടുതലുള്ള ജനറൽ വിഭാഗം, 40 വയസിൽ കൂടുതലുള്ള എസ്. സി. / എസ്. ടി. വിഭാഗം എന്നിങ്ങനെ പദ്ധതിയിൽ ചേർന്നവരുടെ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാരിൽ നിന്ന് പ്രത്യേക അനുമതി ലഭിച്ച ശേഷം അന്തിമ തീരുമാനം എടുക്കാവുന്നതാണ്.

വയസ്സ് സംബന്ധിച്ച് എന്തെങ്കിലും വ്യക്തത വരുത്തേണ്ടതുണ്ടെങ്കിൽ കൃഷി ഭവൻ തലത്തിൽ ആയത് വ്യക്തത വരുത്തേണ്ടതാണ്. ആയതിലേക്ക് ലഭ്യമായ മറ്റു രേഖകൾ, എസ്. എസ്. എൽ. സി. ബുക്ക് / ആധാർ കാർഡ് / റേഷൻ കാർഡ് / വോട്ടേഴ്സ് ഐ ഡി തുടങ്ങിയവ ആധാരമായി ഉപയോഗിക്കാവുന്നതാണ്. പഞ്ചായത്ത് തല കമ്മിറ്റിക്കു മുൻപായി എല്ലാ രേഖകളും ശരിയായി തയ്യാറാക്കേണ്ടതാണ്. അനുവദനീയമായ തുക മാത്രം ശുപാർശ ചെയ്യേണ്ടതാണ്.

ഒന്നും രണ്ടും നോമിനികൾ ജീവിച്ചിരുപ്പില്ലാത്ത സാഹചര്യത്തിൽ അവരുടെ മരണ സർട്ടിഫിക്കറ്റ്, അനന്തരാവകാശ സർട്ടിഫിക്കറ്റ് എന്നിവയുടെ സാക്ഷ്യപ്പെടുത്തിയ കോപ്പി ഹാജരാക്കേണ്ടതാണ്. അനന്തരാവകാശിയുടെ ഐ ഡി പ്രൂഫ് കൂടി അയച്ചുതരേണ്ടതാണ്.

ആനുകൂല്യം അനുവദിക്കേണ്ട അംഗത്തിൻറെ / നോമിനിയുടെ പേര് വിവിധ രേഖകളിൽ വ്യത്യസ്തമായി കാണുന്ന പക്ഷം വില്ലേജ് ഓഫീസറുടെ "One and the Same" സർട്ടിഫിക്കറ്റ് ക്ലെയിമിനോപ്പം ഹാജരാക്കേണ്ടതാണ്.

അപേക്ഷ നഷ്ടപ്പെട്ടിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദീകരണം കൃഷി ഓഫീസർമാർ നൽകേണ്ടതാണ്. അപേക്ഷ, ചലാൻ, നോമിനേഷൻ ഫോം, അംഗത്വ കാർഡ്, അംഗത്വ രജിസ്റ്റർ എന്നിവ കൃഷി ഭവനിൽ സൂക്ഷിച്ചിട്ടുള്ളവയാണ്. ആയതു പരിശോധിച്ച് എല്ലാ രേഖകളും കൃഷി ഭവനിൽ ഉണ്ടെന്നു ഉറപ്പു വരുത്തേണ്ടതാണ് . ആയതിനാൽ അപേക്ഷകൾ അയക്കുന്നതിനു മുൻപായി ലഭ്യമായ എല്ലാ രേഖകളും കൃഷി ഓഫീസർ പരിശോധിച്ച്, അപാകതകൾ കണ്ടെത്തി പരിഹാരം കാണേണ്ടതാണ്.

ആനുകൂല്യം ലഭിക്കുന്നതിനായി നൽകുന്ന അപേക്ഷകൾ, സമ്മതപത്രം തുടങ്ങിയവ കൃഷി ഓഫീസർ ശുപാർശ ചെയ്തു അയക്കേണ്ടതാണ്. പകർപ്പുകൾ അയക്കുമ്പോൾ അവ സാക്ഷ്യപ്പെടുത്തി മാത്രം അയക്കുക.

എസ് സി / എസ് ടി വിഭാഗത്തിൽ പെടുന്നവർ 100 രൂപ രജിസ്ട്രേഷൻ ഫീസും ജനറൽ വിഭാഗത്തിൽ പെടുന്നവർ 1000 രൂപ പദ്ധതി വിഹിതവും 100 രൂപ രജിസ്ട്രേഷൻ ഫീസും ഉൾപ്പടെ 1100 രൂപ അടച്ചിട്ടുണ്ടെങ്കിൽ മാത്രമാണ് അംഗത്വം അംഗീകരിക്കപ്പെട്ടിട്ടുള്ളത്. ക്ലെയിമുകൾ തയ്യാറാക്കുന്നതിന് മുൻപ് ഈക്കാര്യം പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്.

അംഗങ്ങളുടെ അക്കൗണ്ടിലേക്ക് അനുവദിച്ച തുക അക്കൗണ്ടിൽ ലഭിക്കാതെ മടങ്ങുന്ന സാഹചര്യമുള്ളതിനാൽ ബാങ്ക് അക്കൗണ്ട് ലൈവ് ആണെന്നും ട്രാൻസാക്ഷൻ നിയന്ത്രണങ്ങൾ ഇല്ലാത്തവ ആണെന്നും കൃഷി ഓഫീസർമാർ ഉറപ്പു വരുത്തേണ്ടതാണ്.

മരണാനന്തര ആനുകൂല്യങ്ങൾ നോമിനിക്ക് നൽകുന്നതുമായി ബന്ധപ്പെട്ട തർക്കങ്ങൾ ഒഴിവാക്കുന്നതിനായി ജീവിച്ചിരിപ്പുള്ള അംഗങ്ങളുടെ നോമിനേഷൻ ആവശ്യമെങ്കിൽ റിവൈസ് ചെയ്തു വാങ്ങേണ്ടതാണ് . (Annexure IV).

**ജില്ലാ ഓഫീസിൽ നിന്നും കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറേറ്റിലേക്ക് വിവിധ ആനുകൂല്യങ്ങൾക്കായി അയക്കേണ്ട രേഖകൾ സംബന്ധിച്ച വിശദാംശങ്ങൾ**

1) **സ്വമേധയാ / മറ്റ് തൊഴിൽ ലഭിച്ചതിനാൽ പിരിഞ്ഞു പോകുന്നതിന്**

1. അംഗത്തിൻറെ പിരിഞ്ഞു പോകുന്നതിനുള്ള അപേക്ഷ (അസ്സൽ - കൃഷി ഓഫീസർ ശുപാർശ രേഖപ്പെടുത്തിയത്)

2. അപേക്ഷകൻറെ സമ്മതപത്രം (നിശ്ചിത പ്രൊഫോർമയിൽ - കൃഷി ഓഫീസർ ശുപാർശ രേഖപ്പെടുത്തിയത്)

3. ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അക്കൗണ്ട് നമ്പർ, IFSC കോഡ് വ്യക്തമായി രേഖപ്പെടുത്തിയത്)- 2 എണ്ണം

4. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടി ക്രമം

5. ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure V) – 2 എണ്ണം

**2) അവശതാ ആനുകൂല്യം**

1. പദ്ധതിയിൽ അംഗമായതിൻറെ അപേക്ഷ (അസ്സൽ)

2. പദ്ധതി വിഹിതം / രജിസ്ട്രേഷൻ ഫീ അടച്ചതിൻറെ ചലാൻ (അസ്സൽ)

3. അപേക്ഷകൻറെ സമ്മതപത്രം (അസ്സൽ) – കൃഷി ഓഫീസർ ശുപാർശ ചെയ്തത്

4. അവശതാ സർട്ടിഫിക്കറ്റ് , ചികിത്സാ രേഖകൾ ഉൾപ്പടെ (അസ്സൽ)

5. പഞ്ചായത്ത് തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

6. ജില്ലാ തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

7. കൃഷി ഓഫീസറുടെ ശുപാർശ (അംഗം അവശത സംഭവിക്കുന്നത് വരെ തെരെഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതനായിരുന്നു എന്ന് കൂടി ഉൾപ്പെടുത്തിയത്)

8. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശ (ഒപ്പും സീലും പതിക്കണം)

9. ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അക്കൗണ്ട് നമ്പർ, IFSC കോഡ് വ്യക്തമായി രേഖപ്പെടുത്തിയത്)– 2 എണ്ണം

10. ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure V) – 2 എണ്ണം

ഓരോ അംഗത്തിൻറെയും ക്ലെയിം പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

**3) മരണാനന്തര ആനുകൂല്യം അനുവദിക്കുന്നതിന്** (60 വയസ് പൂർത്തിയാകുന്നതിനു മുൻപ് മരണപ്പെട്ടാൽ)

1. പദ്ധതിയിൽ അംഗമായതിൻറെ അപേക്ഷ (അസ്സൽ)

2. പദ്ധതി വിഹിതം / രജിസ്ട്രേഷൻ ഫീ അടച്ചതിൻറെ ചലാൻ (അസ്സൽ)

3. നോമിനേഷൻ ഫോം (അസ്സൽ)

4. പഞ്ചായത്ത് തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

5. ജില്ലാ തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

6. മരണ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്)

7. ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure VI) – 2 എണ്ണം

8. നോമിനികൾ മരണപ്പെട്ടാൽ - നോമിനികളുടെ മരണ സർട്ടിഫിക്കറ്റിൻറെ കോപ്പി, അനന്തരാവകാശ സർട്ടിഫിക്കറ്റിൻറെ കോപ്പി

9. അവകാശിയുടെ അപേക്ഷ (അസ്സൽ) - കൃഷി ഓഫീസർ ശുപാർശ ചെയ്തത്

10. അംഗം മരണം വരെ തെരഞ്ഞെടുത്ത തൊഴിലിൽ വ്യാപൃതനായിരുന്നു എന്ന കൃഷി ഓഫീസറുടെ സാക്ഷ്യപത്രം

11. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശ (ഒപ്പം സീലും പതിക്കണം)

12. ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (അക്കൗണ്ട് നമ്പർ, IFSC കോഡ് വ്യക്തമായി രേഖപ്പെടുത്തിയത്)- 2 എണ്ണം

13. വയസ് / ജാതി എന്നിവ സംബന്ധിച്ച് വ്യക്തത വരുത്തേണ്ട സാഹചര്യം ഉണ്ടെങ്കിൽ പുതുതായി അവലംബിച്ച / അംഗീകരിച്ച രേഖയുടെ കോപ്പി

ഓരോ അംഗത്തിൻറെയും ക്ലെയിം പ്രത്യേകമായി സമർപ്പിക്കേണ്ടതാണ്.

**4) 60 വയസ്സ് പൂർത്തിയായ പെൻഷന് അർഹരായ അംഗങ്ങൾക്ക് പെൻഷൻ ലഭിക്കുന്നതിന്.**

അംഗങ്ങൾക്ക് 60 വയസ്സ് തികയുന്നതിന് അടുത്ത മാസം മുതലാണ് പെൻഷന് അർഹതയുള്ളത്.

1. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടിക്രമം
2. പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure VII - Form A)

സ്റ്റേറ്റ്മെൻറ്റിൽ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്

1. കൃഷി ഭവനിൽ നിന്നും ലഭിച്ച അപേക്ഷകളും അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ടെന്നും ടി രേഖകൾ ഈ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.
2. മേൽ പ്രസ്താവിച്ചിരിക്കുന്ന അംഗങ്ങൾ ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.
3. പഞ്ചായത്ത് തല കമ്മിറ്റിയിലും ജില്ലാതല കമ്മിറ്റിയിലും അംഗത്തിന് ആനുകൂല്യം നല്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.
4. അംഗങ്ങൾ ഇപ്പോഴും കാർഷിക മേഖലയിൽ തുടരുന്നതിനാൽ ആനുകൂല്യം നൽകാവുന്നതാണ്.
5. അംഗങ്ങൾ SC /ST / ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

5) 60 വയസ്സ് കഴിഞ്ഞവരുടെ തുടർ പെൻഷന് വേണ്ടിയുള്ള രേഖകൾ

തുടർ പെൻഷൻ ലഭിക്കുന്നതിനായി എല്ലാ വർഷവും ഏപ്രിൽ / മെയ് മാസത്തിൽ പെൻഷൻ കൈപ്പറ്റുന്ന അംഗങ്ങൾ കൃഷി ഭവനിൽ മസ്റ്റർ ചെയ്യേണ്ടതും കൃഷി ഓഫീസറുടെ ലൈഫ് സെർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ തുടർ പെൻഷൻ ക്ലെയിമുകൾ സമർപ്പിക്കേണ്ടതുമാണ്.

1) പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടിക്രമം
2) പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure VIII - Form B )

സ്റ്റേറ്റ്മെൻറ്റിൽ താഴെ പറയുന്ന സർട്ടിഫിക്കറ്റുകൾ സാക്ഷ്യപ്പെടുത്തേണ്ടതാണ്

1. മേൽ പ്രസ്താവിച്ചിരിക്കുന്ന അംഗങ്ങൾ ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.
2. അംഗങ്ങൾ SC /ST / ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

പെൻഷൻ ലഭിക്കുന്നതിന് വേണ്ടിയുള്ള ഉത്തരവിൽ പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ സ്പെഷ്യൽ റ്റി എസ് ബി അക്കൗണ്ട് നമ്പറും ട്രഷറിയും രേഖപ്പെടുത്തിയിരിക്കണം.

പെൻഷൻ അനുവദിച്ച / അർഹനായ അംഗം മരണപ്പെട്ടാൽ, ടിയാളുടെ മരണം വരെയുള്ള പെൻഷൻ / ഗ്രാറ്റുവിറ്റി ആനുകൂല്യം അനുവദിക്കുന്നതിനായി, നോമിനിയുടെ / അവകാശിയുടെ അപേക്ഷ (അസ്സൽ), തിരിച്ചറിയൽ രേഖ, നോമിനേഷൻ ഫോം / അവകാശ സർട്ടിഫിക്കറ്റ്, മരണ സർട്ടിഫിക്കറ്റ് തുടങ്ങിയവയുടെ പകർപ്പ് എന്നിവ പ്രിൻസിപ്പൽ കൃഷി ഓഫീസിൽ വാങ്ങി സൂക്ഷിക്കുകയും, പ്രത്യേകമായി ക്ലെയിം സ്റ്റേറ്റ്മെൻറ്, പ്രൊസീഡിങ്സ്, മരണ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) എന്നിവ ഈ ഓഫീസിലേക്ക് നൽകേണ്ടതുമാണ്. പ്രസ്തുത വിഷയത്തിലുള്ള ജില്ലാ തല തീരുമാനം കൂടി ഉൾപെടുത്തേണ്ടതാണ്.

<u>ജില്ലാ കൃഷി ഓഫീസിൻറെ പ്രത്യേക ശ്രദ്ധക്ക്</u>

പദ്ധതിയിൽ ചേർന്നിട്ടുള്ളവരും നിലവിൽ വിവിധ ആനുകൂല്യങ്ങൾക്കുള്ള അപേക്ഷ നല്കിയിട്ടുള്ളവരുമായ അംഗങ്ങളുടെ വയസ്സ്, ജാതി എന്നിവ സംബന്ധിച്ച് സംശയങ്ങൾ ഉള്ള സാഹചര്യത്തിലും ആനുകൂല്യത്തിനുള്ള അർഹത സംബന്ധിച്ച് ജില്ലാതലത്തിൽ തീരുമാനം എടുക്കുന്നതിനു ബുദ്ധിമുട്ടുള്ള സാഹചര്യത്തിലും അത്തരം കേസുകൾ കൃഷി ഡയറക്ടറുടെ ശ്രദ്ധയിൽ പെടുത്തേണ്ടതും അത് സംബന്ധിച്ച് നിർദ്ദേശങ്ങൾ ലഭിക്കുന്ന മുറക്ക് അത്തരം ക്ലെയിമുകളിൽ തീരുമാനം എടുക്കാവുന്നതുമാണ്. രേഖകൾ നഷ്ടപെടുന്ന

സാഹചര്യത്തിൽ ആയതു സംബന്ധിച്ച തീരുമാനങ്ങൾ എടുക്കുന്നതിനായി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ ശുപാർശയോടു കൂടിയുള്ള റിപ്പോർട്ട് ഡയറക്ടറേറ്ററിൽ സമർപ്പിക്കേണ്ടതാണ് .

അനുവദിച്ച ആനുകൂല്യം ലഭിച്ചില്ല എന്ന് പരാതിയുള്ള സാഹചര്യത്തിൽ അപേക്ഷകന്റെ updated ബാങ്ക് സ്റ്റേറ്റ്മെന്റിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് കൂടി പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ കത്തിനൊപ്പം നൽകേണ്ടതാണ്.

പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് അലോട്ട് ചെയ്യുന്ന തുക കൃത്യമായും പദ്ധതി അംഗങ്ങൾക്ക് ലഭിക്കുന്നു എന്ന് ഉറപ്പു വരുത്തേണ്ടതും തുക നൽകി കഴിഞ്ഞാൽ ഒരാഴ്ചക്കുള്ളിൽ ബാങ്ക് സ്റ്റേറ്റ്മെൻറ് എടുത്ത് തുക പദ്ധതി അംഗങ്ങൾക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തിയ ശേഷം വിനിയോഗ സർട്ടിഫിക്കറ്റ് അയച്ചു തരേണ്ടതുമാണ്.

(ഒപ്പ് )

കാർഷിക വികസന കർഷകക്ഷേമ വകുപ്പ്
ഡയറക്ടർ

5.10.20

RADHAKRISHNAN. K
A... of Agriculture (CP)
... of Agriculture
Vikas Bhavan, Thiruvananthapuram

Annexure I

ചെക്ക് ലിസ്റ്റ്

സ്വമേധയാ പിരിഞ്ഞു പോകുന്നതിന് ആനുകൂല്യം ലഭിക്കുന്നതിനുള്ള രേഖകൾ

| ക്രമ നമ്പർ | രേഖകൾ | |
|---|---|---|
| 1 | പിരിഞ്ഞു പോകുന്നതിനുള്ള അപേക്ഷ (അസ്സൽ - കൃഷി ഓഫീസർ ശുപാർശ രേഖപ്പെടുത്തിയത്) | |
| 2 | അപേക്ഷകൻറെ സമ്മതപത്രം (നിശ്ചിത പ്രൊഫോർമയിൽ ) (അസ്സൽ) | |
| 3 | ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് (- 2 എണ്ണം ) | |
| 4 | പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നടപടി ക്രമം | |
| 5 | ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure V) | |
| | | |

Annexure II

ചെക്ക് ലിസ്റ്റ്

അവശതാ ആനുകൂല്യം ലഭിക്കുന്നതിനുള്ള രേഖകൾ

| ക്രമ നമ്പർ | രേഖകൾ | |
|---|---|---|
| 1 | പദ്ധതിയിൽ അംഗമായതിൻറെ അപേക്ഷ (അസ്സൽ) | |
| 2 | പദ്ധതി വിഹിതം / രജിസ്ട്രേഷൻ ഫീ അടച്ചതിൻറെ ചലാൻ (അസ്സൽ) | |
| 3 | അപേക്ഷകൻറെ സമ്മതപത്രം (അസ്സൽ) | |
| 4 | അവശത അനുഭവിക്കുന്നു എന്നുള്ള ഡോക്ടറുടെ സർട്ടിഫിക്കറ്റ് (Disability Certificate with %) (അസ്സൽ) | |
| 5 | പഞ്ചായത്ത് തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 6 | ജില്ലാ തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 7 | കൃഷി ഓഫീസറുടെ നിർദിഷ്ട ഫോറത്തിലുള്ള സർട്ടിഫിക്കറ്റ് | |
| 8 | പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദിഷ്ട ഫോറത്തിലുള്ള സർട്ടിഫിക്കറ്റ് | |
| 9 | ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് - 2 എണ്ണം | |
| 10 | ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure V) | |
| | | |

Annexure III

ചെക്ക് ലിസ്റ്റ്

മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിനുള്ള രേഖകൾ

| ക്രമ നമ്പർ | രേഖകൾ | |
|---|---|---|
| 1 | പദ്ധതിയിൽ അംഗമായതിൻറെ അപേക്ഷ (അസ്സൽ) | |
| 2 | നോമിനേഷൻ ഫോറം (അസ്സൽ) | |
| 2 | പദ്ധതി വിഹിതം / രജിസ്ട്രേഷൻ ഫീ അടച്ചതിൻറെ ചലാൻ (അസ്സൽ) | |
| 3 | മരണ സർട്ടിഫിക്കറ്റ് (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 4 | നോമിനിയുടെ അപേക്ഷ (അസ്സൽ) | |
| 5 | പഞ്ചായത്ത് തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 6 | ജില്ലാ തല തീരുമാനം (സാക്ഷ്യപ്പെടുത്തിയ പകർപ്പ്) | |
| 7 | കൃഷി ഓഫീസറുടെ നിർദിഷ്ട ഫോറത്തിലുള്ള സർട്ടിഫിക്കറ്റ് | |
| 8 | പ്രിൻസിപ്പൽ കൃഷി ഓഫീസറുടെ നിർദിഷ്ട ഫോറത്തിലുള്ള സർട്ടിഫിക്കറ്റ് | |
| 9 | ബാങ്ക് പാസ് ബുക്കിൻറെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് - 2 എണ്ണം | |
| 10 | ക്ലെയിം സ്റ്റേറ്റ്മെൻറ് (Annexure VI) | |
| | | |

## Annexure IV

കാർഷിക മേഖലയിൽ ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി

**റിവൈസ്ഡ് നോമിനേഷൻ ഫാറം**

യുവജനങ്ങൾക്ക് തൊഴിൽ നൽകാനുള്ള പ്രത്യേക പദ്ധതി പ്രകാരം അംഗമായ എന്റെ മരണാനന്തര ആനുകൂല്യങ്ങൾ കൈപറ്റുന്നതിന് താഴെ പറയുന്ന നോമിനികളെ ഞാൻ പുനർ നിർദേശിക്കുന്നു.

**ഒന്നാം നോമിനി**

പേരും മേൽവിലാസവും :
(പിതാവിന്റെ പേര് സഹിതം)

ഫോൺ നമ്പർ :

അപേക്ഷകനുമായുള്ള ബന്ധം :

**ഒന്നാം നോമിനിയുടെ അഭാവത്തിൽ അവകാശിയായ രണ്ടാം നോമിനി**

പേരും മേൽവിലാസവും :
(പിതാവിന്റെ പേര് സഹിതം)

ഫോൺ നമ്പർ

അപേക്ഷകനുമായുള്ള ബന്ധം :

സ്ഥലം :

തീയതി : അപേക്ഷകന്റെ ഒപ്പ്

പേര്

കൃഷി ഓഫീസറുടെ മേലൊപ്പ്

(ആവശ്യമുണ്ടെങ്കിൽ നോമിനേഷൻ മാറ്റുന്നതിന് അപേക്ഷകന് പൂർണ സ്വാതന്ത്ര്യമുണ്ടായിരിക്കും)

Annexure V

സ്വമേധയാ പിരിഞ്ഞു പോകുന്നതിന് / അവശതാ ആനുകൂല്യം ലഭിക്കുന്നതിനുള്ള ക്ലെയിം സ്റ്റേറ്റ്മെൻറ്

ജില്ല :

| ക്രമ നമ്പർ | കൃഷി ഭവൻ | അംഗത്തിൻറെ പേരും മേൽവിലാസവും | അക്കൗണ്ട് നമ്പർ | IFSC കോഡ് | ബാങ്ക് ബ്രാഞ്ച് | അനുവദിക്കുന്ന തുക |
|---|---|---|---|---|---|---|
| | | | | | | |
| | | | | | | |
| | | ആകെ | | | | |

പ്രിൻസിപ്പൽ കൃഷി ഓഫീസർ

Annexure VI

മരണാനന്തര ആനുകൂല്യം ലഭിക്കുന്നതിനുള്ള ക്ലെയിം സ്റ്റേറ്റ്മെൻറ്

ജില്ല :

| ക്രമ നമ്പർ | കൃഷി ഭവൻ | അംഗത്തിൻറെ പേരും മേൽവിലാസവും | മരണമടഞ്ഞ തീയതി | നോമിനിയുടെ പേരും മേൽവിലാസവും | അനുവദിക്കുന്ന തുക | നോമിനിയുടെ അക്കൗണ്ട് നമ്പർ | ബാങ്ക്, ബ്രാഞ്ച് IFSC കോഡ് |
|---|---|---|---|---|---|---|---|
| | | | | | | | |
| | | | | | | | |

പ്രിൻസിപ്പൽ കൃഷി ഓഫീസർ

Annexure VII

Statement A

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി അംഗങ്ങൾക്ക് പെൻഷനും ഗ്രാറ്റുവിറ്റിയും അനുവദിക്കുന്നതിനുള്ള ക്ലെയിം സ്റ്റേറ്റ്മെൻറ്

ജില്ല :

| ക്രമ നമ്പർ | കൃഷി ഭവൻ | അംഗത്തിൻറെ പേരും മേൽവിലാസവും | വിഭാഗം (ജനറൽ / എസ്.സി./ എസ്.ടി.) | ജനന തീയതി | 60 വയസ്സ് പൂർത്തിയായ തീയതി | പെൻഷൻ കാലയളവ് (MM/YYYY മുതൽ MM/ YYYY വരെ) | എത്ര മാസം (എണ്ണം) | പെൻഷൻ കുടിശ്ശിക | ഗ്രാറ്റുവിറ്റി | ആകെ തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | | |
| | | | | | | | | | | | |
| | | ആകെ | | | | | | | | | |

സർട്ടിഫിക്കറ്റ്

1. കൃഷി ഭവനിൽ നിന്നും ലഭിച്ച അപേക്ഷകളും അനുബന്ധ രേഖകളും സൂക്ഷ്മ പരിശോധന നടത്തിയിട്ടുണ്ടെന്നും ടി രേഖകൾ ഈ ഓഫീസിൽ സൂക്ഷിച്ചിട്ടുണ്ടെന്നും സാക്ഷ്യപ്പെടുത്തുന്നു.
2. മേൽ പ്രസ്താവിച്ചിരിക്കുന്ന അംഗങ്ങൾ ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.
3. പഞ്ചായത്ത് തല കമ്മിറ്റിയിലും ജില്ലാതല കമ്മിറ്റിയിലും അംഗത്തിന് ആനുകൂല്യം നല്കാൻ ശുപാർശ ചെയ്തിട്ടുണ്ട്.
4. അംഗങ്ങൾ ഇപ്പോഴും കാർഷിക മേഖലയിൽ തുടരുന്നതിനാൽ ആനുകൂല്യം നൽകാവുന്നതാണ്.
5. അംഗങ്ങൾ SC /ST / ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

------------അംഗങ്ങൾക്ക് ഗ്രാറ്റുവിറ്റി തുകയായ ------------രൂപയും പെൻഷൻ തുകയായ ------------ രൂപയും ചേർത്ത് ആകെ ---------------------------------------------- രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്തു കൊള്ളുന്നു.

പ്രിൻസിപ്പൽ കൃഷി ഓഫീസർ

Annexure VIII

Statement B

ഒരു ലക്ഷം യുവജനങ്ങൾക്കുള്ള പ്രത്യേക തൊഴിൽദാന പദ്ധതി അംഗങ്ങൾക്ക് തുടർ പെൻഷൻ അനുവദിക്കുന്നതിനുള്ള ക്ലെയിം സ്റ്റേറ്റ്മെൻറ്

ജില്ല :

| ക്രമ നമ്പർ | കൃഷി ഭവൻ | അംഗത്തിൻറെ പേരും മേൽവിലാസവും | വിഭാഗം (ജനറൽ/ എസ്.സി./എസ് .ടി.) | ജനന തീയതി | 60 വയസ്സ് പൂർത്തിയായ തീയതി | ഏതു മാസം വരെ പെൻഷൻ ലഭിച്ചു (MM/ YYYY) | പെൻഷൻ കാലയളവ് (MM/YYYY മുതൽ MM/ YYYY വരെ) | എത്ര മാസം (എണ്ണം ) | പെൻഷൻ കുടിശ്ശിക തുക | റിമാർക്സ് |
|---|---|---|---|---|---|---|---|---|---|---|
| | | | | | | | | | | |
| | | ആകെ | | | | | | | | |

സർട്ടിഫിക്കറ്റ്

1. മേൽ പ്രസ്താവിച്ചിരിക്കുന്ന അംഗങ്ങൾ ജീവിച്ചിരിപ്പുണ്ട് എന്ന് സാക്ഷ്യപ്പെടുത്തുന്നു.
2. അംഗങ്ങൾ SC /ST / ജനറൽ വിഭാഗത്തിൽ ഉൾപ്പെടുന്നവരാണ് എന്ന് സാക്ഷ്യപ്പെടുത്തുന്നു.

------------- അംഗങ്ങൾക്ക് പെൻഷൻ തുകയായ ------------------------------------- രൂപ അനുവദിക്കുന്നതിന് ശുപാർശ ചെയ്തു കൊള്ളുന്നു.

പ്രിൻസിപ്പൽ കൃഷി ഓഫീസർ